# ആൾക്കൂട്ട കൊലപാതകങ്ങളും ധാർമ്മിക വെല്ലുവിളികളും

**റവ.ഡോ.ജോർജ്ജ് കുഴിപ്പള്ളിൽ**

ഇന്ത്യ ഇന്ന് പലവിധമുള്ള വെല്ലുവിളികളെ അഭിമുഖീകരിക്കുകയാണ്. സാമ്പത്തിവും രാഷ്ട്രീയവും മതപരവുമായ വെല്ലുവിളികൾ സ്വതന്ത്ര ഇന്ത്യയുടെ മുമ്പിലുള്ള വലിയ വെല്ലുവിളിയാണ്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി പെരുകിക്കൊണ്ടിരിക്കുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലുയർത്തുന്ന ഭീഷണി ചെറുതല്ല. സംഘം ചേർന്ന് ആളുകൾ ഏതെങ്കിലുമൊരു വ്യക്തിയെ വധിക്കുന്നു. നിസ്സാര വ്യക്തിവൈരാഗ്യങ്ങളിലാരംഭിക്കുന്ന സംഘർഷങ്ങൾ ആൾക്കൂട്ട കൊലപാതകങ്ങളിലേയ്ക്ക് നയിക്കുന്നു. വടക്കേ ഇന്ത്യയുടെ പല ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഈ ഭീകര കൊലപാതകങ്ങൾ കൊച്ചുകേരളത്തിലും ഏതാനും നാൾ മുമ്പ് നടന്നതിന്റെ ഞെട്ടലിൽ നിന്ന് നാം ഇനിയും വിമുക്തമായിട്ടില്ല. അട്ടപ്പാടിക്കടുത്ത് ആൾക്കൂട്ടം മൃഗീയമായി തല്ലിക്കൊന്ന മധുവിന്റെ ചിത്രം മലയാളി മനസ്സുകളിൽ ഇന്നും വിങ്ങലുകൾ ഉണർത്തുന്നു.

വടക്കേ ഇന്ത്യയുടെ പല പ്രദേശങ്ങളിലുമുണ്ടാകുന്ന ആൾക്കൂട്ട കൊലപാതകങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഇന്ത്യയിലാകെ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഇന്ത്യയുടെ പരമോന്നത കോടതി ആ കൊലപാതകങ്ങളെക്കുറിച്ച് പഠിച്ച് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ വിധിക്കുവാൻ പരിശ്രമിക്കുകയാണ്. ആൾക്കൂട്ട കൊലപാതകങ്ങൾ തടയുവാനുള്ള നിയമനിർമ്മാണം നടത്തുന്നത് പഠിക്കാൻ കമ്മിറ്റിയെ വച്ചിരിക്കുകയാണ്. ഇത്തരം കൊലപാതകങ്ങളെക്കുറിച്ച് വിവിധ രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുടെ പ്രതികരണങ്ങളും മനോഭാവങ്ങളും വ്യത്യസ്തമാണെന്നും നാം മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. ആൾക്കൂട്ട കൊലപാതകങ്ങൾ വർദ്ധിക്കുന്നത് പ്രധാനമന്ത്രിയുടെ പ്രശസ്തി ഉയരുന്നതിന്റെ അടയാളമായിവരെ വ്യാഖ്യാനിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ എത്തിക്കഴിഞ്ഞു. അത്തരത്തിലുള്ള കൊലപാതകങ്ങളെ അപലപിക്കേണ്ടതിന് പകരം അതിനെ ന്യായീകരിക്കുന്നതും മഹത്വവല്ക്കരിക്കുന്നതും ധാർമ്മികാധഃപതനത്തിന്റെ ഉത്തമ ഉദാഹരണമാണ്. കയ്യൂക്കും സ്വാധീനവുമുള്ള ആളുകൾ ഒരുമിച്ചുകൂടി ആരെ വേണമെങ്കിലും എപ്പോൾ വേണമെങ്കിലും വധിക്കാൻ കഴിയും അതൊന്നും തെറ്റല്ല എന്നുമുള്ള ധാർമ്മിക ചിന്താഗതി സമൂഹത്തിന് വലിയ വെല്ലുവിളിയാണ്.

ആൾക്കൂട്ട കൊലപാതകത്തിന്റെ പേരിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോവുകയാണ്. ഒരുകൂട്ടം ആൾക്കാരിൽ എല്ലാവരും ചേർന്ന് ഒരുവനെ കൊല്ലുന്നതുകൊണ്ട് ആരുടേയും മേൽ കൃത്യമായി കൊലപാതകക്കുറ്റം ചുമത്തപ്പെടാതെ പോവുകയാണ്. ആരാണ് കൊലപാതകി എന്ന് കൃത്യമായി തെളിയിക്കുവാൻ പ്രോസിക്യൂഷന് കഴിയാതെ വരുമ്പോൾ കോടതികളിൽ കുറ്റവാളികൾ രക്ഷപെടുന്നു എന്നത് ആൾക്കൂട്ട കൊലപാതകങ്ങൾ അടുത്ത നാളിൽ വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. ആൾക്കൂട്ട കൊലപാതകങ്ങളെ നിസ്സാരവൽക്കരിക്കുന്നതും കൊലപാതകികൾക്ക് പ്രോത്സാഹനമാകുന്നുണ്ട്. ഇത്തരത്തിലുള്ള സമൂഹത്തിന്റെ ലാഘവമനഃസ്ഥിതി വലിയ ധാർമ്മിക വെല്ലുവിളിയായി മാറും എന്നതിൽ തർക്കമില്ല.

ഇത്തരം ആൾക്കൂട്ട കൊലപാതകങ്ങൾ പ്രാചീന സംസ്കാരം മുതൽ ഉണ്ടായിരുന്നതാണ്. ആ കാലഘട്ടങ്ങളിൽ നടന്ന കൊലപാതകങ്ങളുടെ തനിയാവർത്തനങ്ങളായി ഇക്കാലയളവിലെ ആൾക്കൂട്ട കൊലപാതകങ്ങളെയും നമുക്ക് കാണാൻ കഴിയും. ഇത്തരം

കൊലപാതകങ്ങൾ ഏതെങ്കിലും മതത്തോടോ, സംസ്കാരത്തോടോ, പ്രസ്ഥാനങ്ങളോടോ ബന്ധപ്പെടുത്തിയല്ല നാം കാണേണ്ടത്. ഇത്തരത്തിലുള്ള ആൾക്കൂട്ട കൊലപാതകങ്ങളെ വിശദമായി മനസ്സിലാക്കുവാനും അവ ഉയർത്തുന്ന ധാർമ്മിക പ്രശ്നങ്ങൾ ഗ്രഹിക്കാനും നമ്മെ സഹായിക്കുന്ന ഒരു തത്വചിന്തയാണ് അമേരിക്കൻ-ഫ്രഞ്ച് ചിന്തകനായ റെനേ ഷിരാർഡിന്റെ മിമറ്റിക് തിയറി.

റെനേ ഷിനാർഡ് ഫ്രാൻസിലെ അവിഞ്ഞോൻ നഗരത്തിൽ 1923-ൽ ജനിച്ച് 2015 ന് അമേരിക്കയിലെ കാലിഫോർണിയായിൽ മരണമടഞ്ഞ ഒരു മഹാനായ തത്വചിന്തകനാണ്. ഷേക്സ്പിയർ നാടകങ്ങളെ അപഗ്രഥനം ചെയ്തുതുടങ്ങിയ അദ്ദേഹം തന്റെ മിമറ്റിക് സിദ്ധാന്തത്തിലൂടെ ചെന്നെത്തിയത് ലോകത്തിലെ മനുഷ്യസംസ്കാരങ്ങൾക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്ന ചില സത്യങ്ങളിലേയ്ക്കാണ്. മനുഷ്യസംസ്കാരങ്ങളുടേയും മതാത്മകതയുടെയും ആന്തരിക യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തുന്ന ഡാർവീനിയൻ സിദ്ധാന്തമായാണ് ഷിരാർഡിന്റെ മിമറ്റിക് തിയറിയെ ഇന്ന് ലോകം കാണുന്നത്. അദ്ദേഹത്തിന്റെ ചിന്താഗതികളിലൂടെ നാം കണ്ണോടിച്ചാൽ ഇന്നും ഇന്ത്യയുടെ പല പ്രദേശങ്ങളിലും നിലവിലിരിക്കുന്ന പല യാഥാർത്ഥ്യങ്ങളേയും ആൾക്കൂട്ട കൊലപാതകം പോലെയുള്ള അധാർമ്മികതകളേയും നമുക്ക് മനസ്സിലാക്കാൻ കഴിയും.

ഷിരാർഡിന്റെ അഭിപ്രായത്തിൽ എല്ലാ പ്രാചീന സംസ്കാരങ്ങളും ആരംഭിക്കുന്നതുതന്നെ ആൾക്കൂട്ട കൊലപാതകങ്ങളിൽ നിന്നാണ്. പ്രാചീന മനുഷ്യ സമൂഹങ്ങളിൽ ഉണ്ടാകുന്ന വ്യത്യസ്ത സംഘർഷങ്ങൾക്കുള്ള പരിഹാരമായിട്ടാണ് ആൾക്കൂട്ട കൊലപാതകങ്ങൾ നടന്നിരുന്നത്. എല്ലാവരും ചേർന്ന് ഒരുവനെ കുരുതികൊടുക്കുന്നത് എല്ലാവരും നശിക്കാതിരിക്കാനുള്ള പോംവഴി എന്ന നിലയിലായിരുന്നു എന്നാണ് ഷിരാർഡ് പറയുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആദിമമനുഷ്യൻ തുടങ്ങി ആധുനിക മനുഷ്യൻ വരെ ജീവിക്കുന്ന സമൂഹങ്ങളിൽ വിവിധങ്ങളായ സംഘർഷങ്ങൾ ഉടലെടുക്കാറുണ്ട്. എല്ലാ മനുഷ്യരിലും കാണുന്ന തൃഷ്ണയുടെ ഭാഗമായി പരസ്പരമുണ്ടാകുന്ന വ്യക്തിമാത്സര്യങ്ങൾ സാവധാനം ആ സമൂഹത്തിന്റെ മാത്സര്യങ്ങളായി രൂപാന്തരപ്പെടുന്നു. പോരടിക്കുന്ന പ്രാചീനസമൂഹത്തിലെ മനുഷ്യർ തമ്മിൽ പരസ്പരം വിശ്വാസമില്ലാതാവുകയും ഓരോരുത്തരും മറ്റുള്ളവരുടെ ശത്രുക്കളായി മാറുകയും ചെയ്യുന്നു. ആർക്കും ആരേയും വിശ്വാസമില്ലാത്ത ഒരവസ്ഥ. ആരോടും ബന്ധമില്ലാത്ത അവസ്ഥ. ഈ അവസ്ഥയെ പ്ലേഗ് അല്ലെങ്കിൽ ബാധ എന്നാണ് ഷിരാർഡ് വിശേഷിപ്പിക്കുന്നത്.

ഇങ്ങനെ പ്ലേഗ് ബാധിച്ച സമൂഹത്തിന് അധികകാലം മുന്നോട്ട് പോകാനാവില്ല. പരസ്പര ബന്ധങ്ങളില്ലാതെ, സഹായങ്ങളും സഹകരണവുമില്ലാതെ മുന്നോട്ടുപോകാൻ കഴിയാത്ത സമൂഹത്തിന് ഒരു പരിഹാരമാർഗ്ഗം കണ്ടെത്തിയേ മതിയാകൂ. ഈ ബാധയുടെ പശ്ചാത്തലത്തിൽ അതിന് പരിഹാരം കണ്ടെത്തുവാൻ സമൂഹംതന്നെ ഒരു ഇരയെ കണ്ടെത്തുകയാണ്. ഈ ഇര കാരണമാണ് സമൂഹത്തിന്റെ ഈ ദുരവസ്ഥ സൃഷ്ടിക്കപ്പെട്ടത് എന്നുള്ള ഒരു ന്യായം കണ്ടെത്തി സമൂഹം ആ ഇരയെ വധിക്കാൻ പദ്ധതിയിടുന്നു. ഇത്തരത്തിലുള്ള ഇരയെ സാധാരാണയായി കണ്ടെത്തുന്നത് പല മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. ചിലപ്പോൾ ആ സമൂഹത്തിൽ എല്ലാവരിൽ നിന്നും വ്യത്യസ്തനായി ജീവിക്കുന്ന ഒരു യാചകനോ, ഒരു അംഗഹീനനോ, ഒരു ഭ്രാന്തനോ, ഒരു വിദേശിയോ ആരെങ്കിലുമാകാം ഇപ്രകാരം കണ്ടെത്തപ്പെടുന്ന ഇര. ഇരയെ കണ്ടെത്തിയാൽ അയാൾ കാരണമാണ് സമൂഹത്തിൽ ബാധ എന്ന സംഘർഷം ഉണ്ടായതെന്ന് വരുത്തിത്തീർക്കുകയും ആ ഇരയെ ഇല്ലാതാക്കിയാൽ സമൂഹം മുഴുവനും ബാധയിൽ നിന്ന് മുക്തി നേടും എന്ന തത്വവും അവർ അംഗീകരിക്കും. സമൂഹം പൊതുവായി എടുക്കുന്ന

തീരുമാനത്തിൽ ഇരയോട് അഭിപ്രായങ്ങൾ ചോദിക്കുകയോ അയാളുടെ നിരപരാധിത്വം അന്വേഷിക്കുകയോ ചെയ്യാറില്ല. പകരം സമൂഹം ആരോപിക്കുന്ന കുറ്റം വഹിക്കുന്നവ നായി അവർ അയാളെ മുദ്രകുത്തും. സമൂഹം അയാളെ കുറ്റവാളിയായി വിധിച്ചാൽ പിന്നെ വിധി നടത്തുകയായി. ആൾക്കൂട്ടം ആ ഇരയുടെ മേൽ ചാടിവീഴുന്നു. അയാളെ മർദ്ദിക്കുകയും അവശനാക്കുകയും വധിക്കുകയും ചെയ്യും. ഇരയെ ഇല്ലായ്മ ചെയ്യു ന്നത് പല പ്രാചീന സംസ്കാരങ്ങളിലും വ്യത്യസ്തമായിട്ടാണ്. ചിലരെ കല്ലെറിഞ്ഞു കൊല്ലും, ചിലരെ ജീവനോടെ ദഹിപ്പിക്കും, മറ്റു ചിലരെ ജീവനോടെ കുഴിച്ചുമൂടും. ഇത് മുഴുവൻ സമൂഹം ചെയ്യുന്നത് ഉന്മാദാവസ്ഥയിലുള്ള ആവേശത്തോടെയാണ്. ഓരോരു ത്തരും ഇരയുടെ മേൽ ചാടിവീഴുന്നതും കല്ലെറിയുന്നതുമൊക്കെ ഒരു ദൈവിക പ്രവൃത്തി ചെയ്യുന്നു എന്ന നിലയിലാണ്. സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി കുറ്റവാളിയായ ഇരയെ ആക്രമിച്ച് വധിക്കുന്നത് ഒരു പുണ്യകർമ്മമായി പരിഗണിക്കപ്പെട്ടു. പ്രാചീന സമൂഹങ്ങളിലുണ്ടായിരുന്ന ഈ ക്രമത്തെ ബലിയാട് മെക്കാനിസം (Scapegoat Mechanism)എന്നാണ് ഷിരാർഡ് വിളിച്ചിരുന്നത്.

ഇക്കാര്യം വിശദീകരിക്കുന്നതിനായി ഷിരാർഡ് പല സംസ്കാരങ്ങളിലേയും പല ഇതിഹാസങ്ങളേയും മിത്തുകളേയും അവലോകനം ചെയ്തിട്ടുണ്ട്. ഉദാഹരണമായി അദ്ദേഹം ഗ്രീക്ക് പുരാണത്തിലെ ഒരു കഥാപാത്രമായ ടിയന്നായിലെ അപ്പോളോണിയൂ സിന്റെ കഥ വിവരിക്കുന്നുണ്ട്.

പ്ലേഗ് ബാധിതമായ എഫേസൂസ് പട്ടണത്തെ പ്ലേഗിൽ നിന്ന് രക്ഷപെടുത്തുന്ന തിനുള്ള ഒരു പരിഹാരമന്വേഷിച്ച് ഒരു പ്രദേശത്ത് ഒത്തുകൂടിയ ജനങ്ങളുടെയിടയിൽ പ്രത്യക്ഷനായ അപ്പോളോണിയൂസ് പ്ലേഗിന്റെ കാരണമാരാണെന്ന് തിരയുവാനാണ് ആദ്യം ശ്രമിച്ചത്. അവിടെ സന്നിഹിതനായിരുന്ന ഒരു ഭിക്ഷക്കാരനാണ് ആ സമൂഹ ത്തിൽ പ്ലേഗ് പരത്തുന്നതെന്ന് അപ്പോളോണിയൂസ് പ്രഖ്യാപിച്ചു. അപ്പോൾ അവിടെ കൂടിയിരുന്ന എല്ലാവരുടേയും കണ്ണുകൾ ഈ ഭിക്ഷക്കാരന്റെ നേരെ തിരിഞ്ഞു. ഈ ഭിക്ഷക്കാരനെ ആ സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്താൽ പ്ലേഗ് അവസാനിക്കു മെന്ന് അപ്പോളോണിയൂസ് പറഞ്ഞു. ആ ഭിക്ഷക്കാരനെ കല്ലെറിഞ്ഞുകൊല്ലാൻ കല്പിച്ച അപ്പോളോണിയൂസിന്റെ വാക്കുകൾ കേൾക്കാൻ ആദ്യം ആരും മുന്നോട്ടുവന്നില്ല. ഇതു കണ്ട അപ്പോളോണിയൂസ്, ഭിക്ഷക്കാരൻ സാത്താന്റെ അവതാരമാണെന്ന് പ്രഖ്യാപിച്ചു. അവനെ ജീവിക്കാൻ അനുവദിച്ചാൽ സാത്താനെയാണ് നിങ്ങൾ അനുവദിക്കുന്നതെന്ന് അപ്പോളോണിയൂസ് പ്രഖ്യാപിച്ച നിമിഷം ഭിക്ഷക്കാരന്റെ മേൽ കല്ലുകൾ പതിക്കുവാൻ തുടങ്ങി. നിമിഷങ്ങൾക്കുള്ളിൽ ഭിക്ഷക്കാരൻ കല്ലെറിഞ്ഞു കൊല്ലപ്പെടുകയും അയാൾക്കു മുകളിൽ ഒരു കൽക്കൂമ്പാരം ഉയരുകയും ചെയ്തു. ഭിക്ഷക്കാരന്റെ വാക്കുകൾക്കോ ജീവനോ ഈ ജനക്കൂട്ടത്തിന്റെ ആരവങ്ങൾക്കിടയിലും അപ്പോളോണിയൂസിന്റെ മാസ്മ രികതകൾക്കിടിയിലും വിലയില്ലാതായി. ഇവിടെ പ്ലേഗ് പരത്തിയെന്നാരോപിക്കപ്പെട്ട ഭിക്ഷ ക്കാരന്റെ മേൽ ഒരു വേട്ടമൃഗത്തിന്റെ മേലെന്നപോലെ ജനക്കൂട്ടം ചാടിവീണു. അവരെ ല്ലാവരും ചേർന്ന് ഒരാൾക്കെതിരെ വിധിയെഴുതുകയും അത് നടപ്പിലാക്കുകയും ചെയ്തു. എല്ലാവരും ചേർന്ന് അയാളെ വധിച്ചു. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഒരാളുടെ ജീവൻ നശിപ്പിക്കപ്പെടുന്നത് തെറ്റല്ല എന്ന നിയമം അവിടെ രൂപപ്പെടുകയായിരുന്നു. മുമ്പ് എല്ലാ വരും എല്ലാവർക്കുമെതിരെ (all against all) എന്നതിൽ നിന്നും എല്ലാവരും ഒരാൾക്കെ തിരെ (all against one) എന്നതിലേയ്ക്കുള്ള ഒരു മാറ്റം സംഭവിക്കുന്നു. ഇപ്രകാരം നടന്ന കൊലപാതകത്തിന്റെ അവസാനം ആ സമൂഹത്തിൽ ഒരു ശാന്തത അനുഭവിക്കുകയാ ണ്. വലിയ ആക്രോശങ്ങൾക്കും അട്ടഹാസങ്ങൾക്കും മദോന്മത്തതയ്ക്കും ശേഷം തങ്ങ

ളുടെയിടയിലുണ്ടായിരുന്ന പ്ലേഗിന്റെ കാരണക്കാരനെ വധിച്ചതിന്റെ സന്തോഷത്തിൽ അവർ ശാന്തിയും സമാധാനവും അനുഭവിക്കുകയാണ്. ഷിരാർഡിന്റെ അഭിപ്രായത്തിൽ മിമെറ്റിക് ചക്രത്തിന്റെ (mimetic cycle) ആദ്യഭാഗം മാത്രമാണിത്.

ഈ കൊലപാതകത്തിനുശേഷം സമൂഹമനുഭവിക്കുന്ന ശാന്തത കുറച്ചുനാളുകൾ തുടരുമ്പോൾ ജനങ്ങളുടെയിടയിൽ നിന്ന് കല്ലെറിഞ്ഞു കൊല്ലപ്പെട്ടവനെക്കുറിച്ചുള്ള നല്ല കാര്യങ്ങൾ പറയുവാനിടയാകും. കൊല്ലപ്പെട്ടവന്റെ മരണമാണ് തങ്ങളുടെ സമൂഹത്തിന് ശാന്തിയും സമാധാനവും നൽകിയത് എന്ന ചിന്ത ഉദിക്കുന്നു. അവനെ കൊല ചെയ്തിടത്തുണ്ടായ കൽക്കൂമ്പാരത്തിനു മുമ്പിൽ അവർ തിരി തെളിക്കാനും അവനെ സമാധാനദായകനായും ശാന്തിദായകനുമായിക്കണ്ട് വണങ്ങാനുമാരംഭിക്കുന്നു. സാവധാനം കൊല്ലപ്പെട്ടവനെ ദൈവവൽക്കരിക്കുവാനും (divinization) ആരംഭിക്കുന്നു. ഷിരാർഡിന്റെ അഭിപ്രായത്തിൽ എല്ലാ പ്രാചീന മതങ്ങളിലുമുള്ള ദൈവങ്ങളെക്കുറിച്ചുള്ള കഥകൾ ഇപ്രകാരമുള്ളതാണ്. പുരാണങ്ങളും ഇതിഹാസങ്ങളും തങ്ങൾ ദൈവങ്ങളാക്കിയ ദൈവങ്ങളുടെ ദൈവികവശം മാത്രമാണ് വെളിപ്പെടുത്തിയിട്ടുള്ളത്. ദൈവവത്ക്കരണത്തിനു മുമ്പുള്ള സാത്താൻവൽക്കരണവും (satanization) ഇതിനോടനുബന്ധിച്ചുള്ള കൊലപാതകത്തെക്കുറിച്ചുള്ള സത്യങ്ങളും മിത്തുകളും ഇതിഹാസങ്ങളും പുറത്തുപറയുന്നില്ല. ദൈവവത്ക്കരിക്കപ്പെട്ടിട്ടുള്ള ദേവന്മാരുടെ ചരിത്രത്തിന്റെ ആദ്യഭാഗം എല്ലാക്കാലങ്ങളിലേയ്ക്കും മൂടപ്പെട്ടിരിക്കുകയാണ്. അത് ദൈവങ്ങളെക്കുറിച്ചുള്ള രഹസ്യാത്മകത (mystery)യായി അവശേഷിക്കുന്നു. ഷിരാർഡ് ഇപ്രകാരമുള്ള ഒരു നിഗമനത്തിലേയ്ക്കെത്തുമ്പോൾ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു കാര്യം പല പ്രാചീന ദൈവങ്ങളുടേയും പ്രതിമകളിലോ രൂപങ്ങളിലോ കാണുന്ന ബീഭത്സകതകളാണ്. അവയിലെ ബീഭത്സത മൂലമാണ് അവർ ആദ്യം വധിക്കപ്പെടുന്നത്. പിന്നീടവർ ദൈവവത്ക്കരിക്കപ്പെട്ടു കഴിയുമ്പോൾ ആദ്യഭാഗം വിസ്മരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സമൂഹമൊന്നാകെ കുറ്റം ചുമത്തി വധിക്കുന്നവർ ഒന്നുകിൽ എന്തെങ്കിലും ശാരീരിക വൈകല്യമുള്ളവനോ, ഭിക്ഷക്കാരനോ, പരദേശികളോ ആയിരിക്കും. ഇങ്ങനെയുള്ളവർ സമൂഹത്തിൽ ശ്രദ്ധിക്കപ്പെടുകയും സമൂഹത്തിലുള്ള എല്ലാവരിൽ നിന്നും ഏതെങ്കിലും കാര്യത്തിൽ വേറിട്ടവരുമായിരിക്കും. ഇപ്രകാരമുള്ളവരെയാണ് സമൂഹം ആദ്യമേതന്നെ കുറ്റക്കാരനോ സാത്താന്റെ അവതാരമായോ മുദ്രകുത്തുന്നത്. ഇത്തരത്തിലുള്ള നിരവധി കഥാപാത്രങ്ങളെ ഇതിഹാസങ്ങളിൽ നിന്നും പുരാണങ്ങളിൽ നിന്നും ഷിരാർഡ് അവതരിപ്പിക്കുന്നുണ്ട്.

അങ്ങനെ ദൈവവത്ക്കരിക്കപ്പെട്ട ബലിയാടുകൾ നൽകിയ ശാന്തിയും സമാധാനവും സമൂഹത്തിൽ നീണ്ടുനിൽക്കില്ല. അത് താല്ക്കാലികമാണ്. വീണ്ടും ആദ്യത്തേതുപോലുള്ള പ്രശ്നങ്ങളും സംഘർഷങ്ങളും സമൂഹത്തിലുണ്ടാകുമ്പോൾ അവർ പഴയ കാര്യങ്ങൾ ഓർക്കുകയും എങ്ങനെയാണ് അവ പരിഹരിക്കപ്പെട്ടതെന്ന് ചിന്തിക്കുകയും ചെയ്ത് അപ്രകാരം തന്നെ വീണ്ടം ആവർത്തിക്കുന്നു. അപ്രകാരം വീണ്ടും ബലിയാടുകളായി വ്യക്തികൾ മുദ്രയടിക്കപ്പെടുകയും കൊല്ലപ്പെടുകയും അതിലൂടെ ശാന്തി അനുഭവിക്കുകയും ചെയ്തു. അങ്ങനെ ഓരോ പ്രാവശ്യവും ബലിയാടുകളും ദൈവങ്ങളും വർദ്ധിക്കുകയും ചെയ്തു. സമൂഹത്തിന്റെ അസമാധാനവും അശാന്തിയും പെരുകുമ്പോൾ മനുഷ്യക്കുരുതികൾ നടക്കുകയും അവ നൽകുന്ന താൽക്കാലിക ശാന്തിക്കുശേഷം അവർ ദൈവങ്ങളെ സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഷിരാർഡിന്റെ അഭിപ്രായത്തിൽ ഈ പ്രക്രിയയുടെ പിന്നിൽ പ്രവർത്തിക്കുന്നത് സാത്താനാണ്. എന്നാൽ അവനൊരിക്കലും വെളിച്ചത്ത് വരാറില്ല.

സാവധാനം മനുഷ്യക്കുരുതികളിലെ ഭീകരത തിരിച്ചറിയപ്പെട്ടപ്പോൾ മനുഷ്യനു പകരം മൃഗങ്ങളെ കൊല്ലുന്ന രീതി നിലവിൽ വന്നു. ആദ്യ കൊലപാതകത്തിന്റെ ഓർമ്മ യുണർത്തുന്ന രീതിയിലുള്ള ആക്രോശങ്ങളും ആരവങ്ങളും മാസ്മരികതയും മദോന്മ ത്തതയുമെല്ലാം ഓരോ കർമ്മങ്ങളായി (rituals) രൂപപ്പെടുത്തിക്കൊണ്ടുള്ള കർമ്മവിധി കളുണ്ടായി. വിവിധതരം ബലിയർപ്പണങ്ങളും ഉടലെടുത്തു. അതിനുതകുന്ന യാഗശാ ലകളും പുരോഹിതവർഗ്ഗവുമുണ്ടായി. അങ്ങനെയാണ് മതാത്മകതയുടെ ശിലാഫലക ങ്ങൾ സ്ഥാപിക്കപ്പെട്ടതെന്നും ഷിരാർഡ് സമർത്ഥിക്കുന്നു. ഈ മാതൃകാസംവിധാനങ്ങ ളോടനുബന്ധിച്ച് വിവിധ സാംസ്കാരിക പ്രതീകങ്ങളും ചിഹ്നങ്ങളും സംഗീതവും കല യുമെല്ലാം ഉയിർക്കൊണ്ടു.

ബലിയർപ്പണങ്ങളുടെ കാലഘട്ടത്തോടൊപ്പം നിയമസംവിധാനങ്ങളും ഉയർന്നു വരുന്നതായി നാം കാണുന്നു. സമൂഹത്തിന്റെ സ്വസ്ഥതയും ശാന്തതയും നഷ്ടപ്പെടു ത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കപ്പെടുന്നതിനും ഏതെങ്കിലും രീതിയിൽ അത് ഭഞ്ജി ക്കപ്പെടുമ്പോൾ അതിന് കാരണക്കാരായവരെ സമൂഹത്തിൽ നിന്നും ഉന്മൂലനം ചെയ്യു കയോ പുറത്താക്കുകയോ ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഉടലെടുത്തു. മനുഷ്യന് തൃഷ്ണ ഏറ്റവും കൂടുതലുണ്ടാകുന്ന ലൈംഗികത, ഭക്ഷണം തുടങ്ങിയ കാര്യങ്ങളി ലെല്ലാം അതോടനുബന്ധിച്ചുള്ള പല നിബന്ധനകളും (taboos) നിയമങ്ങളുമുണ്ടായി. ഇവയിലുള്ള മനുഷ്യന്റെ തൃഷ്ണ രക്തച്ചൊരിച്ചിലിലേയ്ക്ക് നയിക്കുമെന്നതിനാൽ അവ യെല്ലാം നിയന്ത്രിക്കപ്പെടുകയും കർമ്മവിധികളാൽ ക്രമീകരിക്കപ്പെടുകയും (ritualistic solutions) ചെയ്തുപോന്നു. കൂടാതെ സമൂഹത്തിന്റെ പൊതുനന്മയ്ക്ക് വിഘാതമാകു ന്നവരെ വിധിക്കുന്നതിനും തുറുങ്കിലടയ്ക്കുന്നതിനുമുള്ള നീതിന്യായ വ്യവസ്ഥകളും നിലവിൽ വന്നു. അങ്ങനെ ഷിരാർഡിന്റെ അഭിപ്രായത്തിൽ ഒരു സമൂഹം രൂപപ്പെടു ന്നത് ആദ്യ കൊലപാതകത്തോടനുബന്ധിച്ചുണ്ടായ സ്ഥാപനങ്ങളുടെയും (institutions) നിയമങ്ങളുടേയുമെല്ലാം (prohibitions and law) അടിസ്ഥാനത്തിലാണ്. ആദ്യ കൊലപാ തകത്തിൽ വധിക്കപ്പെട്ട ഇരയുടെ നിസ്സഹായതയും വ്യക്തിത്വവും ജീവനുമൊന്നും ജന ക്കൂട്ടത്തിന്റെ ശക്തിയുടെ മുമ്പിൽ നിഷ്പ്രഭമാണ്. അവിടെ ജനക്കൂട്ടത്തിനാണ് പ്രാധാ ന്യം. അവർ എടുക്കുന്ന തീരുമാനങ്ങൾക്കും വിധികൾക്കുമാണ് പ്രസക്തി. ജനക്കൂട്ട ത്തിന്റെ ശക്തി ജനാധിപത്യത്തിന്റെ ശക്തിയായി കണക്കാക്കപ്പെട്ടു. ഇരയുടെ നിലവിളി കേൾക്കാതെ പോകുന്നു. ഷിരാർഡിന്റെ അഭിപ്രായത്തിൽ ലോകത്തിൽ നിലവിലിരിക്കുന്ന എല്ലാ സംസ്കാരങ്ങളും എഴുതപ്പെട്ട നിയമങ്ങളും പുരാണങ്ങളും മിത്തുകളും ഇതിഹാ സങ്ങളുമെല്ലാം ഇത്തരത്തിൽ ഭൂരിപക്ഷത്തിന്റെ ശബ്ദമാണ്. ഭൂരിപക്ഷത്തിന്റെയും ജന ക്കൂട്ടത്തിന്റെയും വിജയിച്ചവരുടെയും വ്യാഖ്യാനങ്ങൾ ചരിത്രങ്ങളായി അറിയപ്പെടുകയും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു. അവിടെ ഒറ്റപ്പെടുത്തപ്പെട്ടവരും പുറംതള്ളപ്പെ ട്ടവനും പരദേശിക്കും ബലഹീനനുമൊന്നും കഥയില്ലാതായി. അവരൊക്കെ കല്ലറകൾക്കു ള്ളിൽ അടയ്ക്കപ്പെടുകയും അവരുടെ യഥാർത്ഥ കഥകൾക്കു പകരം ഭൂരിപക്ഷം നൽകിയ വ്യാഖാനങ്ങൾ കഥകളായി പ്രചരിക്കപ്പെടുകയും ചെയ്തു. അങ്ങനെയുണ്ടാകുന്ന സമൂ ഹങ്ങൾ കാലാന്തരത്തിൽ വിവിധ സംസ്കാരങ്ങളിൽ ശക്തി പ്രാപിക്കുകയും ചെയ്തു പോന്നു.

മുകളിൽ പറഞ്ഞ ചിന്താധാരയുടെ വെളിച്ചത്തിൽ ആൾക്കൂട്ട കൊലപാതകങ്ങളെ മനുഷ്യന്റെ പ്രത്യേകതയായി നമുക്ക് കാണാം. പ്രാകൃതസ്വഭാവം കാലങ്ങൾക്കും ദേശ ങ്ങൾക്കുമപ്പുറം വ്യാപിച്ചുകിടക്കുന്നതാണ്. അത് അനുകൂലമായ സാഹചര്യങ്ങളിൽ ഫണ മുയർത്തി പുറത്തുവരുന്നതാണ് നാം ഇപ്പോൾ മാധ്യമങ്ങളിലൂടെ അറിയുന്നത്.

ആൾക്കൂട്ടങ്ങൾ ഏതെങ്കിലും കാരണം പറഞ്ഞ് ഇരയെ കണ്ടെത്തി അയാളുടെ മേൽ കുറ്റം ചുമത്തി വധിക്കുന്നത് തീർത്തും അപലപനീയമാണ്. ആധുനിക നിയമവ്യവസ്ഥകളും ഭരണസംവിധാനങ്ങളുമൊക്കെ നിലവിലിരിക്കുമ്പോൾ പ്രാചീനതകളിലേയ്ക്ക് മനുഷ്യൻ പോകുന്നത് തീർത്തും വെല്ലുവിളി ഉയർത്തുന്ന കാര്യമാണ്. ഒരു വ്യക്തി ഏത് തരം കുറ്റം ചെയ്താലും അയാളെ കുറ്റവിചാരണ ചെയ്ത് തെറ്റും ശരിയും വേർതിരിച്ച് മനസ്സിലാക്കി വിധിപറഞ്ഞ് വിധി നടത്തുന്നതാണ് ധാർമ്മികത. അതിന് വിരുദ്ധമായി ആൾക്കൂട്ടങ്ങൾ നിയമങ്ങളും ചട്ടങ്ങളും കയ്യിലെടുത്ത് സ്വയം വിധി പ്രസ്താവിക്കുന്നത് സമൂഹത്തിന്റെ തന്നെ നിലനിൽപ്പിന് ഭീഷണിയാകും എന്നതിന് സംശയമില്ല.

എന്നാൽ പ്രാചീനകാലഘട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായി ആൾക്കൂട്ട കൊലപാതകത്തിന്റെ രണ്ടാം ഭാഗമായ ദൈവവൽക്കരണം ഇന്ന് ഇല്ലാതായിരിക്കുന്നത് ഒരു ഭാഗ്യമാണ്. എന്നാൽ കൊല്ലപ്പെടുന്ന ഇരയെ ദൈവമായി ആരാധിക്കുന്നതിന് പകരം രക്തസാക്ഷികളായി മുദ്രകുത്തി. ആ രക്തസാക്ഷിക്കായി മണ്ഡപങ്ങൾ പണിയുകയും രക്തസാക്ഷിയെ സൃഷ്ടിച്ചവർക്കെതിരെ വീണ്ടും അണിചേരുകയം ചെയ്യുന്നത് ധാർമ്മിക വെല്ലുവിളിയാണ്. ഈ വെല്ലുവിളി തിരിച്ചറിഞ്ഞ് നിയമങ്ങൾ നിർമ്മിക്കുകയും നിയമങ്ങൾ പാലിക്കപ്പെടുന്നെന്ന് ഭരണസംവിധാനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. സമൂഹത്തിലെ ഏതൊരു വ്യക്തിയുടേയും ജീവൻ സംരക്ഷിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ടവർക്ക് കടമയുണ്ട്. അതുപോലെ അപരന്റെ ജീവന്റെ കാവൽക്കാരായിരിക്കുവാൻ എല്ലാ വ്യക്തികളും ശ്രദ്ധിക്കേണ്ടതുമാണ്.

*(ലേഖകൻ  പൗരസ്ത്യവിദ്യാപീഠത്തിലെ വിസിറ്റിംഗ് പ്രൊഫസറാണ്.)*